"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ്-അക്ഷയ കേന്ദ്രങ്ങൾ മുഖാന്തരം പൗരന്മാർക്ക് നല്കുന്ന സർക്കാർ സേവനങ്ങൾക്ക് സർക്കാരിലേക്കുള്ള അപേക്ഷാ ഫീസായി ഈടാക്കി വരുന്ന തുകയിൽ നിന്ന് കോർട്ട് ഫീ സ്റ്റാമ്പ് ഇനത്തിൽ ഈടാക്കുന്ന 5 രൂപ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ (സി) വകുപ്പ്

സ.ഉ.(അച്ചടി) നം.2/2023/ITD തീയതി,തിരുവനന്തപുരം, 13-12-2023

---

പരാമർശം:-

1. 17/10/2013 തീയതിയിലെ സ.ഉ(കൈ) നം. 31/2013/വിസവ നമ്പർ സർക്കാർ ഉത്തരവ്.
2. 9/05/2018 തീയതിയിലെ സ.ഉ(അച്ചടി) നം. 3/2018/വിസവ നമ്പർ സർക്കാർ ഉത്തരവ്.
3. 7/10/2021 തീയതിയിലെ സ.ഉ(അച്ചടി) നം.1/2021/പി ഐ ഇ & എം ഡി നമ്പർ സർക്കാർ ഉത്തരവ്
4. അക്ഷയ ഡയറക്ടറുടെ 21/06/2022 ലെ എകെഎസ്/288/2021/485 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിൽ പൗരസേവനം നൽകുന്നതിന് 17 രൂപ ഈടാക്കിയാണ് അക്ഷയ കേന്ദ്രങ്ങളിലൂടെ ഓൺലൈൻ ആയി അപേക്ഷ സ്വീകരിച്ച വന്നിരുന്നത്. അതായത് സർക്കാരിലേക്ക് അപേക്ഷ ഫീസായി ഏഴ് രൂപ (കോർട്ട് ഫീ സ്റ്റാമ്പ് -5 രൂപ + സർക്കാർ വിഹിതം- 2രൂപ) യും അക്ഷയ സേവന നിരക്കായ 10 രൂപയും. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അക്ഷയ കേന്ദ്രങ്ങളുടെ സേവന നിരക്കുകൾ പുതുക്കിയും ഏകീകരിച്ചുകൊണ്ടും ഉത്തരവായിരുന്നു. ആയത് പ്രകാരം ഇ-ഡിസ്ട്രിക്റ്റ് സേവനങ്ങൾക്ക് അക്ഷയ സേവന നിരക്ക് 18 രൂപയായി പുതുക്കുകയും സർക്കാരിലേക്കുള്ള അപേക്ഷ ഫീസായ 7/- രൂപയും ഉൾപ്പെടുത്തി ആകെ 25 രൂപയായി നിജപ്പെടുത്തുകയും ചെയ്തിരുന്നു. നിലവിൽ 25 രൂപ ഈടാക്കിയാണ് അക്ഷയ കേന്ദ്രങ്ങളിലൂടെ ഓൺലൈനായി അപേക്ഷ സ്വീകരിച്ച വരുന്നത്.

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം പൗരസേവനങ്ങൾ ലഭിക്കുന്നതിനായി അപേക്ഷ ഫീസ്

ഒടുക്കുന്നതിൽ നിന്നും പൗരന്മാരെ ഒഴിവാക്കിക്കൊണ്ടും ഇതിനായുള്ള നിലവിലെ സർക്കാർ ഉത്തരവുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി /പിൻവലിച്ച് പുതിയ ഉത്തരവുകൾ ബന്ധപ്പെട്ട ഭരണവകുപ്പുകൾ പുറപ്പെടുവിക്കണമെന്നും ഉത്തരവായിരുന്നു.

ആയതുപ്രകാരം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തരം പൗരന്മാർക്ക് നൽകുന്ന സർക്കാർ സേവനങ്ങൾക്ക് അപേക്ഷാഫീസായി ഈടാക്കി വന്നിരുന്ന തുകയിൽ നിന്ന് സർക്കാരിന്റെ വിഹിതം ഒഴിവാക്കണമെന്ന് പരാമർശം (4) കത്ത് പ്രകാരം അക്ഷയ ഡയറക്ടർ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അക്ഷയ കേന്ദ്രങ്ങൾ മുഖാന്തരം പൗരന്മാർക്ക് നല്കുന്ന സർക്കാർ സേവനങ്ങൾക്ക് സർക്കാരിലേക്കുള്ള അപേക്ഷാ ഫീസായി ഈടാക്കി വരുന്ന തുകയിൽ നിന്ന് കോർട്ട് ഫീ സ്റ്റാമ്പ് ഇനത്തിൽ ഈടാക്കുന്ന 5 രൂപ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയതനുസരിച്ച് ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ പോർട്ടലിൽ/സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ അക്ഷയ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ.S.R.
അണ്ടർ സെക്രട്ടറി

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, അക്ഷയ, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജനറൽ മാനേജർ, ബി.എസ്.എൻ.എൽ. തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വൈദ്യുതി ബോഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി, തിരുവനന്തപുരം
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പ്രവാസികാര്യം, തിരുവനന്തപുരം.
ഫുഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം.
എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമം, തിരുവനന്തപരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഉന്നതവിദ്യാഭ്യാസം / സാങ്കേതിക വിദ്യാഭ്യാസം / കോളേജ് വിദ്യാഭ്യാസം, തിരുവനന്തപുരം.
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് / നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോഡ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ.ഉ.(അച്ചടി) നം.2/2023/ITD

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Smitha A.s
Date: 13-12-2023 15:11:14
സെക്ഷൻ ഓഫീസർ